# ഗവ. ഹയർസെക്കന്ററി സ്ക്കൂൾ
# മൂക്കന്നൂർ



# ഡിജിറ്റൽ മാഗസിൻ



# പത്രാധിപ സമിതി



ചീഫ് എഡിറ്റർ : എഡിസൺ
എഡിറ്റർ : ദേവശില്പ
അസി. എഡിറ്റേഴ്സ് : അനീറ്റ, സഞ്ജയ്
ഗ്രാഫിക് ഡിസൈനർ : അജിത്

## ഓഫീസ് വിലാസം

ഗവ.എച്ച്.എസ്.എസ്
മൂക്കന്നൂർ
മൂക്കന്നൂർ പി ഒ
എറണാകുളം ജില്ല
683577

# പത്രാധിപ കുറിപ്പ്

*മികവുറ്റവർ വിദ്യാർത്ഥികൾ.*

*അതിനുതെളിവാണീ ഡിജിറ്റൽ മാസിക.*

*പുരോഗതിയുടെ പാതയിലൂടെ നിരന്തരം സഞ്ചരിച്ചുകൊണ്ടിരിക്കുന്ന*

*മൂക്കന്നൂർ ഗവ. ഹയർ സെക്കന്ററി സ്കൂളിലെ കുട്ടികളുടെ പ്രവർത്തനങ്ങളുടെയും*

*കഴിവുകളുടെയും നേർക്കാഴ്ചയാണ് ഈ ഡിജിറ്റൾ മാസിക.*

*കവിതകൾ*

*കഥകൾ*

*കാർട്ടൂണുകൾ*

*ചിത്രങ്ങൾ*

*തുടങ്ങി നിരവധി സൃഷ്ടികൾ ഇതിൽ ഉൾച്ചേർന്നിരിക്കുന്നു.*

*അധ്യാപകരുടെയും കുട്ടികളുടെയും മറ്റ് സഹൃദയരുടെയും പ്രയത്നം ഇതിന്റ പിന്നിലുണ്ട്.*

*ആ അധ്വാനത്തിൽ പങ്കു ചേർന്ന എല്ലാവർക്കും നന്ദി....*

എഡിറ്റർ

## ഉള്ളടക്കം

പുഴ..........7
പൊന്നച്ഛൻ..........8
ഉള്ളൂർ ഒരു പഠനം..........9
സർപ്പ യജ്ഞം..........10
മലയാള സാഹിത്യ ക്വിസ്..........11
മുന്തിരി..........12
ചിത്രശാല..........13
ആ കാറ്റ്..........26
യഥാർത്ഥ ദു:ഖം (മരട് ഫ്ലാറ്റ്)..........27
ചേച്ചി പ്രാവും അനിയത്തി പ്രാവും..........28
ഗ്രാമവും നഗരവും..........29
ബുദ്ധിമാനായ മന്ത്രി..........30
രോദനം..........32
പുഴ..........33
വാൽ നക്ഷത്രത്തിന്റെ സങ്കടം..........34
പെരുമാളിന്റെ തിരുനെല്ലി - എന്റെയും..........35
പ്ലാസ്റ്റിക്കിനെതിരെ..........37
മാഷ് പറഞ്ഞ കഥ..........39
പ്രവർത്തനങ്ങൾ..........40
നന്ദി..........46




പുത്തനുണർവോടെ പൊതു വിദ്യാലയം മുന്നോട്ട് പോകുന്ന ഈ നാളുകളിൽ മൂക്കന്നൂർ ഗവ. ഹയർ സെക്കന്ററി സ്കൂൾ പുതിയൊരു വാതായനം ഇവിടെ തുറന്നിട്ടിരിക്കുന്നു. കെട്ടിലും മട്ടിലും പുതുമ നിലനിർത്തി ഒരു ഡിജിറ്റൽ മാഗസിൻ കുട്ടികൾ തയ്യാറാക്കിയതിൽ ഏറെ സന്തോഷമുണ്ട്. കുട്ടികളുടെ സർഗ വാസന പരിപോഷിപ്പിക്കുവാനുള്ള ഇടമാണിത്. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാ കുട്ടികളെയും അധ്യാപകരെയും അഭിനന്ദിക്കുന്നതോടൊപ്പം ഹൃദയം നിറഞ്ഞ ആശംസകളും നേരുന്നു.

ടി. മുനാസ്
പ്രധാന അധ്യാപകൻ

# പുഴ



പുഴയെ നിൻ വിരഹമെന്നിൽ
ഒരു ബഹു നൊമ്പരമായ്,
തങ്ങിനിന്നിടുന്നു.

പഴയയുഗ കാലങ്ങളിൽ
സാന്നിധ്യം ഏറെയായി,
കണ്ടിരുന്നിടത്തെല്ലാം
ഇപ്പോൾ ഒരു തരിശുനിലമായിമാറി.

നീ എങ്ങുമാഞ്ഞുപോയി
നിൻ മിത്രങ്ങൾ തൻ ജീവ ഉറവിടങ്ങൾ
എല്ലാം തന്നെ മാന്യനാം
മനുഷ്യൻ അടർത്തിമാറ്റി

നിന്നെയൊരുനോക്കു കാണണമെങ്കിൽ
ഈ ഞാൻ വല്ല പടത്തിലും,
ഉറ്റുനോക്കണമോ?

*Blessy Tom*
*Std: VIII*

# പൊന്നച്ഛൻ



ഒപ്പം നടക്കുന്ന
തോഴനാണെന്നച്ഛൻ
ഒന്നും കൊതിക്കാത്ത
നല്ല അച്ഛൻ

കാട്ടുവഴിയിലും
നീറുമെന്നച്ഛൻ
മേട്ടിൻ മുകളിലും
വേവുന്നു.

ചാടാനുമോടാനും കൂടെയുണ്ടച്ഛൻ
കാര്യം കഴിഞ്ഞാൽ പുറത്തുമുണ്ടേ...
നീണ്ടുനിവർന്നുനടന്നീടുമെന്നച്ഛൻ
ഒന്നുപതുക്കെ തിരിഞ്ഞുനോക്കും

എന്നും നല്ലൊരു
പൊന്നച്ഛനാണ്
എന്നും എനിക്ക്
ഒരുകൂട്ടാണ്.

വീടിനുവേണ്ടിയും
ഞങ്ങൾക്കുവേണ്ടിയും
കഷ്ടപ്പെടുന്നൊരു പൊന്നച്ഛൻ.

*Anju Sasi*
*Std : VIII*

# ഉള്ളൂർ ഒരു പഠനം

മലയാള ഭാഷയിലെ പ്രമുഖ കവിയും പണ്ഡിതനുമായിരുന്ന മഹാകവി ഉള്ളൂർ എസ്. പരമേശ്വര അയ്യർ 1887 ജൂൺ 6 ന് ചെങ്ങനാശ്ശേരിയിലെ പെരുന്നയിൽ താമരശ്ശേരി ഇല്ലത്താണ് ജനിച്ചത്. തിരുവനന്തപുരം ഉള്ളൂർ സ്വദേശിയായ പിതാവ് സുബ്രഹ്മണ്യ അയ്യർ ചെങ്ങനാശ്ശേരിയില് സ്കൂൾ അധ്യാപകനായിരുന്നു. അമ്മ ചെങ്ങനാശ്ശേരി സ്വദേശിയായ ഭവാതിയമ്മ. അദ്ദേഹം പെരുന്നയിൽ തന്നെയാണ് തന്റെ ബാല്യകാലം ചെലവഴിച്ചത്. അച്ചന്റെ അകാലമരണത്തെ തുടർന്ന് അമ്മയോടൊപ്പം അച്ചന്റെ നാടായ ഉള്ളൂരിലേക്ക് താമസം മാറി. ഉള്ളൂർ, കുമാരനാശ്ശാൻ, വള്ളത്തോൾ എന്നീ കവികൾ ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ മലയാള കവിതയിൽ കാൽപ്പനിക പ്രസ്ഥാനത്തിന് തുടക്കം കുറിച്ച് ശ്രദ്ധേയരായി. സാഹിത്യ ചരിത്രത്തിൽ ഇവർ ആധുനിക കവിത്രയം എന്ന പേരിൽ അറിയപ്പെടുന്നു. കവി എന്നതിന് പുറമേ, സാഹിത്യ ചരിത്രകാരൻ, ഭാഷാഗവേഷകൻ, ഉദ്യോഗസ്ഥൻ, എന്നീ നിലകളിൽ ഉള്ളൂർ പേരെടുത്തിരുന്നു. തിരുവിതാകൂർ സർക്കാരിന്റെ ചീഫ് സെക്രട്ടറിയായും അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. കുട്ടിക്കാലം മുതൽ സാഹിത്യ വാസന പ്രകടിപ്പിച്ചിരുന്ന ഉള്ളൂർ ആധുനിക സാഹിത്യത്തിലെ പ്രാതസ്മരണീയരായ ആധുനിക കവിത്രയത്തിലൊരാളായി വിശേഷിപ്പിക്കപ്പെടുന്നു. കഠിന സംസ്കൃത പ്രയോഗങ്ങൾ ബഹുലമായി ഉപയോഗിക്കുന്ന അദ്ദേഹത്തിന്റെ രചനാശൈലി അക്കാലത്ത് അനുവാചകർക്ക് പഥ്യമായിരുന്നു. അതുകൊണ്ടുതന്നെ അദ്ദേഹം "ഉജ്ജ്വല ശബ്ദാഢ്യൻ" എന്നും അറിയപ്പെട്ടു. എങ്കിലും ഇക്കാലത്ത് കേരള സാഹിത്യ ചരിത്രത്തിന്റെ കർത്താവ് എന്ന നിലയിലാണ് പരിഗണിക്കപ്പെടുന്നത്. 1937 ൽ തിരുവിതാംകൂർ രാജഭരണകൂടം ഉള്ളൂരിന് മഹാകവി ബിരുദം നൽകി. കൊച്ചി മഹാരാജാവ് "കവിതിലകൻ" പട്ടവും, കാശിവിദ്യാപീഠം സാഹിത്യഭൂഷൺ ബിരുദവും സമ്മാനിച്ചു. പൗരാണിക മുഹൂർത്തങ്ങൾ കാൽപ്പനിക ഭംഗിയോടെ അവതരിപ്പിക്കുമ്പോൾ ഭാരതീയ ധർമ നീതികൾ കവിതയിൽ വ്യവഹരിക്കപ്പെടുന്നു. ചരിത്ര മുഹൂർത്തങ്ങൾ കാവ്യ ഭാവനക്ക് ഉത്തേജനം നൽകി.



Akshay A S
Std: IX

# സർപ്പ യജ്ഞം



വൈക്കം മുഹമ്മദ് ബഷീറിന്റെ ബാല്യത്തെപ്പറ്റി പ്രതിപാദിക്കുന്ന ഒന്നാണ് സർപ്പയജ്ഞം എന്ന കൃതി. തന്റെ ബാല്യകാലം എത്ര മനോഹരമായി വർണ്ണിച്ചിരിക്കുകയാണ് ബഷീർ. ഇതിൽ നർമ്മമായി എഴുതാൻ ബഷീർ ഉപയോഗിച്ചത് തന്റെ സംസാരഭാഷയാണ്. വളരെ മനോഹരമായ ഈ കൃതി ആരുടെയും ഹൃദയത്തെ തൊട്ടിതലോടും. എനിക്ക് ഏറ്റവും ഇഷ്ടം തോന്നിയ ഭാഗങ്ങളാണ് സർപ്പയജ്ഞം, അനിയൻ, കിടന്നമുള്ളി, നെയ് മോഷണം, അച്ഛൻ വീഴുമ്പോൾ, പഴം എന്നിവ. ഞാൻ വളരെ ജിജ്ഞാസയോടെയാണ് വായിച്ചത്. ഒന്നല്ല, ഒത്തിരി പ്രാവശ്യം. സർപ്പയജ്ഞം ഒരുബാല്യ സാഹിത്യമാണ്; ബഷീന്റെ ബാല്യത്തെപ്പറ്റിയുള്ളത്.

Nancy Tom
Std : VIII

# മലയാള സാഹിത്യ ക്വിസ്

1. പാട്ടുകൃതികളിൽ പ്രഥമഗണനീയം ?

രാമചരിതപ്പാട്ട്

2. രാമചരിതത്തിന്റെ കർത്താവ് ആര് ?

ചീരാമൻ

3. ചമ്പുഗദ്യം എഴുതാനുപയോഗിക്കുന്ന പ്രധാനവൃത്തം ഏത് ?

തരംഗിണി

4. കഥകളിയുടെ സാഹിത്യ രൂപം ഏത് ?

ആട്ടക്കഥ

5. മലയാള ജോൺ ഗന്തർ എന്നറിയപ്പെടുന്നതാര് ?

എസ്.കെ പൊറ്റക്കാട്

6. കുട്ടികൾക്കുവേണ്ടി ആശാൻ രചിച്ച രാമായണം ഏത് പേരിൽ അറിയപ്പെടുന്നു ?

ബാലരാമായണം

7. കേരളത്തിലെ ആദ്യ താരതമ്യ വിമർശകൻ ആര് ?

കേരള വർമ

Adwayde S Nair
Std : IX

# മുന്തിരി



മുന്തിരി നല്ല മുന്തിരി
എന്തു നല്ല മുന്തിരി
വയലറ്റ് നിറത്തിൽ മുന്തിരി
മധുരമുള്ള മുന്തിരി
നല്ല ചന്തമുള്ള മുന്തിരി

Athulya Sivan
Std : 1

# ചിത്രശാല




Atheena
Std:1



Abhiraj Thilakan
Std: VII


class : VII


DevaShilPa Dharmajan
Class VII




Anamika




Athulkrishna Ullas
Std : VII


Bhagath


Athira Sasi



Anju Sasi
Std: VIII


Nancy Tomo
VIII



Theressa



Aharv Vipin



Chithra Teacher

# ആ കാറ്റ്



ആ കാറ്റ് എന്റെ നെറുകിൽ
തലോടി മന്ദം മന്ദം
ഞാൻ പറയുന്ന വാക്കുകൾ മെല്ലെ
ഒഴുകിപ്പരന്നു ചെറുതോണി പോലെ..

മുല്ലപ്പൂ പൂത്തപോൽ സുഗന്ധം
പരക്കുന്ന ആ.... കാറ്റിനോടൊപ്പം
വാടിക്കുമിള പോൽ പറന്നങ്ങു ദൂരേ
എങ്ങു പോകുന്നു നീ കാറ്റേ

എങ്ങു പോകുന്നു നീ....

കടൽ കടന്നു പുഴകടന്നു
അരുവിയും കടന്നങ്ങുപോയി
ഒരുവാക്കു പോലും മിണ്ടിയില്ല
ഒരു ചെറുപുഞ്ചിരി പോലും കാട്ടിയില്ല
എങ്ങു പോകുന്നു നീ കാറ്റേ
നീ എങ്ങു പോകുന്നു.

Devasilpa Dharmajan
Std : VII

# യഥാർത്ഥ ദു:ഖം (മരട് ഫ്ലാറ്റ്)

സമയം വൈകുന്നേരമായി. ആളുകൾ തിരക്കിട്ട് വീട്ടുകളിലേക്ക് മടങ്ങുന്നു. മറ്റു ചിലർ കൂടിയിരുന്നു സംസാരിക്കുന്നു. ചില അമ്മമാർ കൈക്കുഞ്ഞുങ്ങളുമായി നടന്നകലുന്നു. ആ വക കാഴ്ചകൾ കൊണ്ട് ആ നഗരം ആകർഷണീയമായിരുന്നു. എന്നാൽ ആ ഫ്ലാറ്റിൽ മാത്രം നിശബ്ദത പടർന്നു. അവിടെയൊരു അമ്മയും മകനും നിശബ്ദരായിരിക്കുന്നുണ്ടായിരുന്നു. അവരടക്കം ഫ്ലാറ്റിലെ എല്ലാവരും ഫ്ലാറ്റിൽ നിന്നും ഒഴിയണമായിരുന്നു. പ്രതിസന്ധികൾ ഏറെയായിരുന്നു അവരുടെ ജീവിതത്തിൽ. തന്റെ മൂത്ത മകനാണ് അവരെ ഫ്ലാറ്റിലാക്കിയത്. ഫ്ലാറ്റിൽ നിന്നും ഇറങ്ങുന്ന ആ അവസരത്തിലും തന്റെ മകൻ സംരക്ഷിക്കുമെന്ന പ്രതീക്ഷ അവർക്കുണ്ടായിരുന്നു.

കുറച്ചുനാളുകൾക്കുമുമ്പായിരുന്നു തന്റെ മകൻ അവരെ ഫ്ലാറ്റിലാക്കിയത്. വീടില്ലായിരുന്ന അവരെ ഫ്ലാറ്റിൽ തന്റെ മകൻ ആക്കി. ഫ്ലാറ്റിൽ നിന്നും ഇറങ്ങുന്ന വിവരം അമ്മ നേരത്തേ മകനെ അറിയിച്ചിരുന്നു. ഫ്ലാറ്റിൽ നിന്ന് ഇറങ്ങുന്നതിനു മുമ്പ് മകൻ എത്തും. ഇനി എന്ത് ? എന്ന ചോദ്യം അമ്മയുടെ മുൻപിൽ ഇപ്പോൾ നിലനിൽക്കുന്നു. തന്റെ മകനിലാണ് ഇപ്പോൾ അവരുടെ പ്രതീക്ഷ. അമ്മയുടെ രണ്ടു മക്കളും പ്രതിസന്ധികളേ അനുഭവിച്ചിട്ടുള്ളൂ. അച്ഛന്റെ മരണത്തോടെ തുടങ്ങിയ ദു:ഖമാണ്. അതിന്റെ അലകൾ ഇപ്പോഴും അവസാനിച്ചിട്ടില്ല. പുഴയെന്നപോലെയായിരുന്നു അവരുടെ ജീവിതം. കയങ്ങളും ഒഴുക്കുകളും ഉണ്ടായിട്ടുണ്ട്. എന്നാലും അത് ഒഴുകിക്കൊണ്ടേയിരിക്കുന്നു.

ഇളയ കുട്ടിയുടെ ശ്രദ്ധ മുഴുവനും പുറത്തേക്കായിരുന്നു. അവിടെയൊരു പരുന്ത് തന്റെ ഇരയെ ചെരുക്കുകയായിരുന്നു. പരുന്തിന്റെ കൂർത്ത നഖങ്ങൾ ഇരക്കുമേൽ ആഴ് ന്നിറങ്ങുന്നു. ഈർഷ്യയോടുകൂടി തന്നെ പരുന്ത് ഇരക്കുമേൽ പിടിമുറുക്കി. പരുന്ത് മറ്റൊരു കൊമ്പ് ലക്ഷ്യമാക്കി പറന്നകന്നു. അതിനോടൊപ്പം തന്നെ ഫോണിൽ ഒരു വിളിയുമെത്തി. അമ്മ ഫോൺ എടുത്തു. അമ്മയുടെ കണ്ണ് നിറയുന്നുണ്ടായിരുന്നു.

"കിയോ, കിയോ" പുറത്തു നിന്നും ഒരു ഒച്ച കേട്ടു. കുട്ടി പുറത്തേക്കോടി. പരുന്തിന്റെ നഖങ്ങളാൽ ആ ഇര അന്ത്യ ശ്വാസം വലിച്ചിരുന്നു.

അതെ ജീവിത്തിൽ പുതിയ പ്രതീക്ഷകൾ നൽകിയ തന്റെ മൂത്ത മകൻ മരിച്ചിരിക്കുന്നു. ഹൃദയം പൊട്ടുന്ന വേദന. തന്റെ സർവ നാഡികളും പൊട്ടിച്ചിതറുന്നതു പോലെ അമ്മക്ക് തോന്നി. ക്ലോക്കിൽ 5 മണിയടിച്ചു. ഫ്ലാറ്റ് ഒഴിയുവാനുള്ള സമയമായിരുന്നു അത്. മകന്റെ മരണ വിവരം അമ്മ കുട്ടിയെ അറിയിച്ചില്ല. അവർ സാധനങ്ങൾ എടുത്തു. മറ്റുള്ളവരോടൊപ്പം അവരും നടന്നിറങ്ങി. അതുവരെ മൗനം പാലിച്ച അമ്മ പറഞ്ഞു.

"നിനക്ക് ഒരു നല്ല കാലം വരും. നമുക്ക് കാത്തിരിക്കാം" ആശ്വാസ വാക്കുകൾ പറഞ്ഞ് അവർ പതിയെ നടന്നകന്നു. മരട് ഫ്ലാറ്റ് ഉറങ്ങുകയായി. മനുഷ്യ ഹൃദയങ്ങളുടെ അഭയ താവളം ഇതോടുകൂടി അവസാനിക്കുകയായി...

Edison Sebastian
**Std : VIII**

# ചേച്ചി പ്രാവും അനിയത്തി പ്രാവും



പണ്ട് പണ്ട് ഒരു നാട്ടില് ഒരു അനിയത്തി പ്രവും, ഒരു ചേച്ചി പ്രാവും ഉണ്ടായിരുന്നു. ഒരു ദിവസം അവർക്ക് കുറച്ച് അരി മണി കിട്ടി. ചേച്ചി പ്രാവ് ഭയങ്കരിയായിരുന്നു. അനിയത്തി പ്രാവിന് ഒരു അരിമണിപോലും കൊടുക്കതെ എല്ലാ അരിമണിയും ഒറ്റക്ക് തിന്നു. ചേച്ചി പ്രാവിന്റെ വയറുനിറഞ്ഞ് ചേച്ചി പ്രാവ് ചത്തുപോയി.

Anjana Suresan
Std : 1

# ഗ്രാമവും നഗരവും



ഈ കഥ തുടങ്ങുന്നത് പണ്ട് പണ്ട് ഒരിക്കൽ, ഒരിടത്ത് അങ്ങനെ ഒന്നും അല്ല. ഒരു സാധാരണ നാട്ടിൻ പുറത്തുകാരന്റെ മനസ്സിൽ മിന്നി മിന്നി തെളിയുന്ന ഒരു ചിന്തയാണ് ഞാൻ ഇവിടെ ഒരു കഥയായി അവതരിപ്പിക്കുന്നത്. ഒരു ദേശാടന പക്ഷിയുടെ കാഴ്ച. താൻ തനിക്കു പറ്റിയ സ്ഥലെ അന്വേഷിച്ച് പോകിമ്പോൾ കാണുന്ന ഗ്രാമവും നഗരവും തമ്മിലുള്ള വ്യത്യാസം അല്ലെങ്കിൽ അത് കണ്ട കാഴ്ച. അതാണ് ഈ കഥ. എന്ത് മനോഹരമായ ഗ്രാമമാണിത്. കൊച്ചു കൊച്ചു വീടുകൾ, വയൽ, മല. എനിക്കിവിടെ നിൽക്കണമെന്നുണ്ട്. പക്ഷെ എനിക്കു പറ്റിയ കാലാവസ്ഥയല്ല ഇവിടെ. എന്തു ഭംഗിയാണ് യാത്ര ! ഇവിടെ നിർത്തിയാലോ. അല്ലേൽ വേണ്ട, ഇതിലും അനുയോജ്യമായ കാലാവസ്ഥ ഉണ്ടെങ്കിൽ ഇവിടെ നിൽക്കുന്നത് നഷ്ടമാകും.

**നഗരത്തൽ എത്തിയപ്പോൾ**

എന്താണിത്. പൊടി, പുക, മാലിന്യ കൂമ്പാരം. ഒരു വൃത്തിയുമില്ല. ഇവിടുത്തെ ആളുകൾക്ക് ഇത് എന്താണ് പറ്റിയത്. വലിയ ഫ്ലാറ്റുകൾ, വണ്ടികൾ. എന്തിനാണ് ഇവർ ഇത് ഇങ്ങനെ ചെയ്യുന്നത്. ഗ്രാമം അപേക്ഷിച്ചു നോക്കുമ്പോൾ അതു തന്നെയാണ് നല്ലത്.

Adharv Vipin
Std: VII

# ബുദ്ധിമാനായ മന്ത്രി




പതിവു പോലെ രാജകൊട്ടാരത്തിൽ രാജ്യസഭ സമ്മേളനം നടന്നു. അപ്പോൾ രാജാവ് പറഞ്ഞു. എന്റെ പത്ത് മോതരങ്ങളിൽ ഒരെണ്ണം ഇന്നലെ മന്ത്രിസഭക്ക് ശേഷം മോഷണം പോയി. അതി കണ്ടുപിടിക്കണം. അപ്പോൾ ബുദ്ധിമാനായ ഒരു മന്ത്രി പറഞ്ഞു. ഞാൻ അത് കണ്ടു പിടിക്കും. എല്ലാവരും കിടന്ന് ഉറങ്ങാൻ പോയപ്പോൾ നീളമുള്ള ഓരോ വടി വീതം കൊടുത്തു വിട്ടു. മോതിരം എടുത്ത ആളുടെ വടി മാത്രം നാളെ കുറച്ച് നീളം കൂടും എന്ന് പറഞ്ഞ് എല്ലാവരെയും ഉറങ്ങാൻ വിട്ടു. നേരം വെളുത്ത് മന്ത്രിസഭ സമ്മേളിച്ചപ്പോൾ എല്ലാവരും വടിയുമായി മന്ത്രിസഭയിൽ വന്നു. രാജാവ് പരിശോധിച്ചപ്പോൾ ഒരാളുടെ വടി മാത്രം അല്പം നീളം കുറവായി കണ്ടു. അപ്പോൾ ബുദ്ധിമാനായ മന്ത്രി പറഞ്ഞു, ഇയ്യാളാണ് മോതിരം മോഷ്ടിച്ചത്. അപ്പോൾ രാജാവ് ചോദിച്ചു, എന്താണ് തെളിവ്? വടി നീളം വക്കുമെന്ന് പറഞ്ഞപ്പോൾ അത് ഭയന്ന് അയ്യാൾ രാത്രി വടിയുടെ നീളം കുറച്ചു. മറ്റുള്ളവർ അവരുടെ വടി അതുപോലെ തന്നെ കൊണ്ടുവന്നു. മോഷ്ടാവിന്റെ മാത്രം വടിക്ക് നീളം കുറവ്. ഇത് കണ്ട് രാജാവിന് സന്തോഷമായി. രാജാവ് മന്ത്രിക്ക് സമ്മാനങ്ങൾ നൽകി.

Felix Sajin
Std : 1

# രോദനം



ഈ മഴയിൽ
കുതിരാത്ത നനവുകൾ
തീരാത്ത നിനവുകൾ
കൊഴിയാക്കി നാവുകൾ

നിറമാർന്നൊരോർമ്മകൾ
കുതിരും കൺ പീലികൾ
നിറയും നെഞ്ചകം
ഒഴുകും കവിൾത്തടം

ആത്മാവിന്റെ രോദനം
പ്രിയരേ...അറിയുമോ.....

Sini Teacher
GHSS Mookkannoor

# പുഴ



വിസ്മയമാമീ പുഴയരികത്ത്
കാതോർത്തുനിൽക്കാൻ എന്തുരസം
രാനിലാ ചന്ദ്രനെ പ്രതിബിംബം ചൂടിയ
രാജ്ഞിയായ് മാറിയ രത്ന നദീതടം

നാളെയീകാഴ്ചകൾ കാണുവാനായെന്നാൽ
ഏവർക്കും സൗഭാഗ്യകന്ദളങ്ങൾ
കൺകുളിർക്കുന്നൊരീ കാഴ്ചകൾ കാണുവാൻ
ഒരു പിഞ്ചു മിഴിയെ നീ കടാക്ഷിക്കണേ...

Abhirami S Nair
Std : VI

# വാൽ നക്ഷത്രത്തിന്റെ സങ്കടം

ഒരിക്കൽ അങ്ങകലെ ആകാശത്ത് കുറെ നക്ഷത്രക്കൂട്ടങ്ങൾ ഉണ്ടായിരുന്നു. അതിൽ ഒന്നാണ് വാൽ നക്ഷത്രം. ഒരിക്കൽ എല്ലാവരും കൂടി കളിക്കുകയായിരുന്നു. എന്നാൽ വാൽ നക്ഷത്രത്തെ ആരും കളിക്കാൻ കൂട്ടുകയില്ലായിരുന്നു. അതിൽ വാൽനക്ഷത്രത്തിന് വലിയ സങ്കടമുണ്ടായിരുന്നു. ഒരു ദിവസം അവൻ അവരോട് ചോദിച്ചു. എന്നെ കൂടി കൂട്ടാമോ. അവർ പറഞ്ഞു, നിന്നെ കൂട്ടനോ? ഈ നീളമുള്ള വാലും, ഞങ്ങളേക്കാൾ വലിയ ശരീരവുമുള്ള നിന്നെ കൂട്ടാനോ എന്ന് പരിഹസിച്ചു. അവൻ അവിടെ നിന്ന് മാറി ഒരു മൂലയിലിരുന്ന് കരഞ്ഞു. അവന്റെ കരച്ചിൽ കേട്ട് ഒരു മാലാഖ വന്നു. അവന്റെ അടുത്തേക്ക് ചെന്ന് ചോദിച്ചു. നീ എന്തിനാണ് കരയുന്നത്? അവൻ അവിടെ നടന്ന കാര്യങ്ങൾ തേങ്ങി തേങ്ങി പറഞ്ഞു. ഇത് കേട്ട മാലാഖ അവനെ ആശ്വസിപ്പിച്ചു. എന്നിട്ട് മറ്റുള്ളവരെ വിളിച്ചുകൊണ്ട് വരുവാൻ പറഞ്ഞു. മറ്റുള്ളവരെ കൊണ്ടുവന്നു. അവരോട് മാലാഖ പറഞ്ഞു. “കുറ്റങ്ങളും കുറവുകളും എല്ലാവർക്കുമുണ്ട്. അതിനെ പരിഹസിക്കരുത്.”

കഥയുടെ ഗുണപാഠം : കുറ്റങ്ങളും, കുറവുകളും എല്ലാവർക്കുമുണ്ട്.

Athulya Antoy
Std: VI

# പെരുമാളിന്റെ തിരുനെല്ലി - എന്റെയും



വയനാട്ടിലെ സ്ഥലങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു സ്ഥലമാണ് തിരുനെല്ലി. ഒരു നിമിത്തമെന്നപോലെയാണ് എനിക്ക് തിരുനെല്ലിയിലെത്താൻ സാധിച്ചതും ആ സ്ഥലത്തെ കൂടുതലറിയാൻ സാധിച്ചതും. തണുപ്പിന്റെ താഴ്വരകളിലൂടെ കാടിനെ തൊട്ട് മൃഗങ്ങളെ കണ്ട് മനസിനെ തിരഞ്ഞൊരു യാത്ര. തോൽപ്പെട്ടി വന്യജീവി സങ്കേതത്തോട് ചേർന്ന കിടക്കുന്ന കാട് തിരുനെല്ലി.

തോൽപ്പെട്ടിയിൽ നിന്ന് തിരുലെല്ലിയിലേക്ക് തിരിയുന്നിടത്താണ് കുട്ടേട്ടന്റെ ചായക്കട. തിരുനെല്ലിയിലേക്കുള്ള യാത്രയിൽ കുട്ടേട്ടന്റെ ചായക്കടയിൽ കയറാത്തവരായി ആരു തന്നെയുണ്ടാകില്ല. വളരെ സ്വാദേറിയ ഉണ്ണിയപ്പമാണ് ഇവിടുത്തെ സ്പഷ്യൽ. പൊതുവെ ഈ വഴിയിൽ പോകുന്നവർ അറിഞ്ഞും കേട്ടും ഇവിടെ വണ്ടി നിർത്തുകയും ഈ കാടിന്റെ സ്വാദ് രുചിക്കുകയും ചെയ്യും.

പോകുന്ന വഴിയിൽ ഇരുവശവും മുളങ്കാടുകളും അകത്തെക്കുപോലും കണ്ണെത്താൻ കഴിയാത്ത വയനാടൻ കാടിന്റെ ആഴവുമുണ്ട്. ഇടയ്ക്കിടെ മ്ലാവുകളും കുരങ്ങുകളും പുള്ളിമാനുകളും കാടിന്റെ അരികുകളിൽ അവയുടെ ഭക്ഷണം ആസ്വദിച്ച് നിൽക്കുന്നത് കാണാം. ലേശം സന്ധ്യ തുടങ്ങിയ ശേഷമാണ് യാത്രയെങ്കിൽ സംഭവം സീനാണ്. കണ്ടാൽ തന്നെ ഭയം തോന്നുന്ന കാട്ടുപോത്തുകൾ കൂട്ടത്തോടെ വഴിയരികിൽ സ്ഥാനം പിടിച്ചിട്ടുണ്ടാകും. കൂടാതെ ആനകളുടെ സ്വൈര്യവിഹാരത്തിനും സാക്ഷ്യം വഹിക്കേണ്ടി

വരും. അതിനാൽ തന്നെ ഈ വഴിയിൽ പാലിക്കേണ്ട മര്യാദകൾ പാലിക്കാൻ വന സംരക്ഷണ വകുപ്പ് നിർദേശം നൽകിയിട്ടുണ്ട്.


തിരുനെല്ലിയിലെ പ്രശസ്തമായ മഹാവിഷ്ണു ക്ഷേത്രമാണ് ഇവടുത്തെ പ്രധാന കൗതുകം. 30 കരിങ്കൽ തൂണുകളാൽ താങ്ങിനിർത്തിയിരിക്കുന്ന ഈ ക്ഷേത്രം തണുപ്പിന്റെ സുഖകരമായ ആലസ്യം നൽകും. കല്ലുപാകിയ നടകൾ കടന്നുവേണം മുകളിലെ ക്ഷേത്രത്തിലെത്താൻ. സർവ്വാഭരണ വിഭൂഷിതനായ പെരുമാൾ തിരുനെല്ലി കാഴ്ചയെ സൗവർണ്ണ ദീപ്തിയുള്ളതാക്കുന്നു. ബ്രഹ്മാവ് നിർമ്മിച്ച് വിഷ്ണുവിന് നൽകിയതെന്നാണ് ഐതിഹ്യം. ആത്മാക്കൾക്ക് ബലിയിടാനാണ് കൂടുതൽ പേരും ഇവിടെയെത്തുന്നത്.

പാപനാശിനി ക്ഷേത്രത്തിൽ നിന്ന് മാറി തെല്ല് അകത്തേക്ക് നടന്നാൽ മെലിഞ്ഞൊഴുകുന്ന ഒരു പുഴ കാണാം. അതാണ് പാപനാശിനി. ഒരിക്കലും ഇവിടുത്തെ ഒഴുക്ക് നിലക്കാറില്ല. കാൽ മുട്ടിയാൽ കാലില നിന്നും കയറി തുടങ്ങുന്ന തണുപ്പ് തലച്ചോറിൽ വന്നു നിൽക്കും. മനുഷ്യന്റെ എല്ലാ പാപങ്ങളും ഈ പുഴക്ക് തീർക്കാൻ സാഘിക്കുമെന്നാണ് വിശ്വാസം.

പഞ്ച തീർത്ഥ കുളം - നടുവിൽ വലിയൊരു പാറയുമായുള്ള കുളം. ശ്രീരാമന്റെ കാൽപ്പാടുകൾ പതിഞ്ഞ പാറ എന്നാണ് വിശ്വാസം. അത് ഇപ്പോഴും കാണാൻ സാധിക്കും.

പലയിടത്തും അരുവിയുടെ വലിപ്പമേ ഉള്ളൂവെങ്കിലും പാപനാശിനി ഒരു നദിയാണ്. ബ്രഹ്മഗിരി മലനിരകളിൽ നിന്നാണ് ഉത്ഭവം. ബ്രഹ്മാവിന്റെ സാന്നിധ്യമാണ് ഈ മലനിരകൾക്ക് ബ്രഹ്മഗിരി എന്ന പേര് വരാൻ കാരണം. എന്ത് തന്നെയായാലും കാടിനെയും തണുപ്പിനെയും നിശബ്ദതയെയും ആസ്വദിക്കാൻ ആഗ്രഹിക്കുന്നവർക്ക് പറ്റിയ സ്ഥലമാണ് തിരുനെല്ലി. മനോഹരമായ പ്രകൃതിയുടെ മടത്തട്ടിൽ ഏറ്റവും അനുഭൂതിദായകമായ ഒരു ആനന്ദ നിമിഷത്തിൽ നാം പ്രകൃതിയോട് അത്രമേൽ അമങ്ങിയതുപോലെ തിരുനെല്ലി നമ്മെ അതിശയിപ്പിക്കും.

Chithra Teacher
GHSS Mookkannoor



# ആൽബർട്ട് ഐൻസ്റ്റൈൻ

ആപേക്ഷികതാ സിദ്ധാന്തത്തിന് രൂപം നൽകിയ ഭൗതിക ശാസ്ത്രജ്ഞനാണ് ആൽബർട്ട് ഐൻസ്റ്റൈൻ. ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും പ്രതിഭാധനനായ ശാസ്ത്രഗവേഷകനായി അദ്ദേഹം ആദരിക്കപ്പെടുന്നു. സാമാന്യ ആപേക്ഷികതാ സിദ്ധാന്തം ആധുനിക ഭൗതിക ശാസ്ത്രത്തിലെ രണ്ട് അടിസ്ഥാന ശിലകളിലൊന്നായി കണക്കാക്കപ്പെടുന്നു. ഇദ്ദേഹത്തിന്റെ ദ്രവ്യവും - ഊർജവും തമ്മിലുള്ള ബന്ധത്തെകുറിക്കുന്ന സമവാക്യമാണ് $E= MC^2$. . ഈ സമവാക്യത്തിനാണ് 1921 ൽ ഭൗത്ക ശാസ്ത്രത്തിനുള്ള നോബൽ സമ്മാനത്തിന് അദ്ദേഹത്തെ അർഹനാക്കിയത്. 1999 ൽ ടൈം മാഗസിൻ പേഴ്സൺ ഓഫ് ദി സെഞ്ച്വറിയായി ഇദ്ദേഹത്തെ തിരഞ്ഞെടുത്തു.

1933 ൽ അഡോൾഫ് ഹിറ്റ്ലർ അധികാരത്തിൽ വന്നപ്പോൾ അദ്ദേഹം അമരിക്കൻ ഐക്യ നാടുകളിൽ സന്ദർശനം നടത്തുകയായിരുന്നു. ഇതിനു ശേഷം അദ്ദേഹെം ജർമനിയിലേക്ക് മടങ്ങിപ്പോയില്ല. ഇദ്ദേഹം ജർമനിയിൽ ബെർലിൻ അക്കാദമി ഓഫ് സയൻസിൽ പ്രൊഫസറായി ജോലിനോക്കുകയായിരുന്നു. ഇദ്ദേഹം അമേരിക്കൻ ഐക്യനാടിന്റെ പൗരത്വം 1940 ൽ സ്വീകരിച്ചു. രണ്ടാം ലോകമഹായുദ്ധം തുടങ്ങുന്നതിനു മുമ്പായി ഇദ്ദേഹം പ്രസിഡന്റ് ഫ്രാങ്ക് ലിൻ.ഡി. റൂസ് വെൽറ്റിനെ ജർമനി ആണവായുധം വികസിപ്പിക്കാനുള്ള സാധ്യത ധരിപ്പിക്കുകയുണ്ടായി. അമേരിക്കയും ഇത്തരം പരീക്ഷണം നടത്തണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു. ഇതാണ് മാൻഹട്ടൻ പ്രോജക്ടിന് വഴി തെളിച്ചത്. ഇത് ആണവായുധങ്ങളുടെ അപകടങ്ങൾ എടുത്തുപറയുന്ന രേഖയാണ്. ഐൻസ്റ്റിന്റെ മരണം വരെ ആദ്ദേഹം പ്രിൻസ്റ്റണിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡി എന്ന സ്ഥാപനത്തിലായിരുന്നു പ്രവർത്തിച്ചിരുന്നത്.

300 ൽ അധികം ശാസ്ത്ര പ്രബന്ധങ്ങളും 150 ശാസ്ത്രേതര ഗ്രന്ഥങ്ങളും ഇദ്ദേഹം രചിച്ചിട്ടുണ്ട്. ഇദ്ദേഹത്തിന്റെ ബൗദ്ധിക രംഗത്തെ സ്വാധീനം കാരണം ഐൻസ്റ്റിൻ അതി ബുദ്ധിമാൻ എന്ന അർത്ഥത്തിൽ പ്രയോഗിക്കാറുണ്ടെന്ന് പറയുന്നു.

Aromal Chandran
Std : IX

# പ്ലാസ്റ്റിക്കിനെതിരെ



പ്രകൃതിയിലേക്ക് മടങ്ങുക നമ്മൾ
ഇല്ലേൽ നമ്മൾ രോഗികളാകും
പഴമയിലേക്കു മടങ്ങുക നമ്മൾ
പ്ലസ്റ്റിക്കിനെ തുരത്തീടാം

അഴകത്തില്ലീ പ്ലാസ്റ്റിക് മണ്ണിൽ
ജീവനത്തിനായി കേഴും ഭൂമി
പ്ലാസ്റ്റിക്കിനെ തുരത്തുക നമ്മൾ
ഇല്ലേൽ ഇനിയൊരു പ്രളയം താങ്ങാന്
കാണുകയില്ലീ കേരളമിവിടെ

നോവിക്കരുതിനി ഭൂമിയെ നമ്മൾ
ഭാവിതൻ വാഗ്ദാനങ്ങൾ നമ്മൾ

Blessy Tom
Std: VIII

# മാഷ് പറഞ്ഞ കഥ

ഓർമ്മയുടെ ചില്ലലമാരയിൽ മാഷ് തപ്പി നിന്നു. ഇന്നലെ വായിച്ച പുസ്തകത്തിന്റെ പേര് മറന്നു പോയി. പൊടുന്നനെ തെക്കേലെ കുട്ടി ഓടി വന്നു. "മാഷേ, ഒരു കഥ പറഞ്ഞു തരുമോ?" കുട്ടി കിണുങ്ങി കിണുങ്ങി ചോദിച്ചു.

മാഷ് കഥ പറഞ്ഞു തുടങ്ങി.

ആലിപ്പഴം പോലെ ദുരിതങ്ങൾ പെയ്തു വീണ വഴിയിലൂടെ ഓടുന്ന ഒരു മനുഷ്യൻ. അയാൾ ഓടിത്തളർന്നുറങ്ങിയത്കട്ടുറുമ്പിന്റെ ലോകത്ത്. അവ അയ്യാളെ ചുംബിച്ചുണർത്തി. ഉറുമ്പുകൾക്ക് വിട ചൊല്ലി നീരുവെച്ച മെയ്യുമായി അയാൾ നടന്നു നീങ്ങി. ചെന്നു പെട്ടത് പെരുമ്പാമ്പിന്റെ വായിൽ.

പണ്ട് യോനയെ മത്സ്യം വിഴുങ്ങി. സകല പാപവും തീർത്ത് യോന മൂന്നാം നാൾ കടൽക്കരയിൽ പ്രത്യക്ഷനായി.

പെരുമ്പാമ്പ് മലമുകളിൽ കയറി താഴേക്ക് നോക്കി.അപ്പോഴാണ് ഓർമ്മ തെളിഞ്ഞത്. ഇന്നലെ വായിച്ച പുസ്തകത്തിന്റെ പേര് - "ശൂന്യതയിലേക്ക്". അത് മാഷിന്റെ തന്നെ കൃതിയായിരുന്നു. കഥ അവിടെനിർത്തി, അലമാരയിൽ നിന്നും പുസ്തകം കണ്ടെടുത്തു.

കഥയുടെ ബാക്കി പറയുവാൻ തിരിഞ്ഞു നോക്കിയപ്പോൾ കുട്ടിയില്ല.

കഥകേട്ട് കുട്ടി ഓടിപ്പോയി.

Alias Master
GHSS Mookkannoor

# പ്രവർത്തനങ്ങൾ



പ്രവേശനോത്സവം



വായന ദിനം



യോഗ ദിനം



ചാന്ദ്ര ദിനം



സ്വാതന്ത്ര്യ ദിനം



ലഹരിവിരുദ്ധ ദിനം



ഓണാഘോഷം

പാഠം ഒന്ന് പാടത്തേക്ക്





സ്കൂൾ ഭരണഘടന സമർപ്പണം



കേരളപ്പിറവി ദിനം



സ്കൂൾ പാർലമെന്റ് ഇലക്ഷൻ



ശിശുദിനം



വന്യജീവി വാരാഘോഷം



പ്രതിഭയോടൊപ്പം





ഗാന്ധിജയന്തി

സർഗവിദ്യാലയം

വെള്ളത്തിന്റെ രാസപരിശോധന




ഹരിതം പ്ലാസ്റ്റിക് വിരുദ്ധ ഗ്രാമം



വിനോദയാത്ര



സ്കൂൾ വാർഷികം

# നന്ദി....................

അദ്ധ്യാപകർ
വിദ്യാർത്ഥികൾ
ഓഫീസ് സ്റ്റാഫ്